/

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 2700** **12.10.2011 ലെ മറുപടിക്ക്**

**<u>സ്വയം തൊഴിൽദായക പദ്ധതി പ്രകാരം തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോസഫ് വാഴക്കൻ**<br>**ശ്രീ. കെ. അച്ചുതൻ**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. ലൂഡി ലൂയിസ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>**(സഹകരണ വകുപ്പ് മന്ത്രി)** |
| എ) പ്രധാനമന്ത്രിയുടെ സ്വയംതൊഴിൽദായക പദ്ധതി പ്രകാരം സഹകരണ മേഖലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽദായക പദ്ധതി പ്രകാരം സഹകരണ ബാങ്കുകൾ വഴി ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ, പ്രസ്തുത ധനസഹായ പദ്ധതി നടപ്പിലാക്കുന്ന ഏജൻസി/ വകുപ്പ് മുഖേന ലഭ്യമാകുന്ന പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) ഈ പദ്ധതിപ്രകാരം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും എന്നാണ് കരുതുന്നത്; | ബി) ഈ പദ്ധതിപ്രകാരം സൃഷ്ടിക്കാൻ കഴിയുന്ന തൊഴിലവസരങ്ങൾ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഏജൻസി/വകുപ്പ് മുഖേന ലഭ്യമാകുന്ന പദ്ധതി അപേക്ഷകൾ അനുസരിച്ചായിരിക്കും. |
| സി) സ്വയംതൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവർക്ക് ഏതെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; | സി) സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവരെ സഹായിക്കുന്നതിനായി താഴെപറയുന്ന നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.<br>സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വായ്പകൾ അനുവദിച്ചും, കച്ചവടം മറ്റു ബിസിനസ് വായ്പകൾ അനുവദിച്ചും, നെൽകൃഷിക്ക് പലിശ രഹിത വായ്പയും മറ്റ് കൃഷിക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിച്ചും, കാർഷിക അനുബന്ധ തൊഴിലുകളായ ആട്, മാട്, കോഴി, താറാവ്, മത്സ്യം എന്നിവ വളർത്തുന്നതിനുള്ള വായ്പ അനുവദിച്ചും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കുടുംബശ്രീ/സ്വയം സഹായ സംഘങ്ങൾ എന്നിവ ആരംഭിക്കുന്നതിന് തൊഴിൽ സംരംഭങ്ങൾക്ക് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന കുറഞ്ഞ പലിശക്ക് വായ്പ അനുവദിച്ച് തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. |

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ വനിതാ അംഗങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രാഥമിക ബാങ്കിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന വ്യക്തമായ പദ്ധതിയുടെ 25 ശതമാനത്തിൽ കവിയാത്ത തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഓഹരി മൂലധനം, ഗ്രാന്റ്, മാനേജീരിയൽ സബ്സിഡി എന്നീ ഇനങ്ങളിലായി നൽകി വരുന്നു.

സെക്ഷൻ ഓഫീസർ